# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 ഫെബ്രുവരി 27, തിങ്കൾ

**നമ്പർ 100**

രാവിലെ 9.00-ന് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാന ബജറ്റിലെ നികുതി വർദ്ധനവിനെതിരെ എറണാകുളത്ത് യൂത്ത് കോൺഗ്രസ്സ് നടത്തിയ പ്രതിഷേധ മാർച്ചിനെത്തുടർന്ന് ഒരു എം.എൽ.എ. അടക്കമുള്ള യൂത്ത് കോൺഗ്രസ്സ് നേതാക്കളെ പോലീസ് ആക്രമിച്ചത് മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

[അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് സംസാരിക്കുന്ന വേളയിലുണ്ടായ ബഹളത്തെത്തുടർന്ന് സഭ രാവിലെ 10.54-ന് താത്കാലികമായി നിർത്തിവച്ചു.]

രാവിലെ 11.15-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാ സമ്മേളനം പുനരാരംഭിച്ചു.

(അടിയന്തരപ്രമേയത്തിന്മേൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങളുടെ ബഹളം തുടർന്നുകൊണ്ടിരുന്നു.)

KNPP.306/2023(I)

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) പറമ്പിക്കുളം ഡാമിൽ നിന്നും സംസ്ഥാനത്തിന് അർഹമായ ജലം ലഭിക്കാത്തത് മൂലമുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രീ. കെ. ബാബു (*നെന്മാറ*) നോട്ടീസ് നൽകിയിരുന്ന ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി മുഖ്യമന്ത്രി മേശപ്പുറത്ത് വച്ചു.

(2) വായ്പാ കുടിശ്ശികയുടെ പേരിൽ കർഷകർക്കെതിരെയുള്ള ജപ്തിനടപടികൾ നിർത്തിവയ്ക്കാൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സജീവ് ജോസഫ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ലിന്റോ ജോസഫ് | വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിലുള്ളവർക്ക് തോക്ക് ലൈസൻസ് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. പി. സുമോദ് | അയ്യപ്പൻകടം ഡാമിന്റെ അറ്റകുറ്റപ്പണികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. മോഹനൻ | കളക്ഷൻ ഏജന്റുമാരുടെ ഇൻസെന്റീവ് | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരസംരക്ഷണം | ധനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. വി. ശശി | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ തുടർ സംരക്ഷണം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 7 | ശ്രീ. യു. എ. ലത്തീഫ് | പുല്പൂർ യു. പി. സ്കൂൾ, ഹൈസ്കൂൾ ആക്കി ഉയർത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ജനനി പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകളുടെ ലഭ്യത | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 9 | ഡോ. മാത്യു കുഴൽനാടൻ | പാലിന്റെ ഗുണനിലവാരവും ഗുണമേന്മയും ഉറപ്പു വരുത്തുന്നതിന് നടപടി | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

1) സബ്ജക്ട് കമ്മിറ്റി I മുതൽ XIV വരെയുള്ള സമിതികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

2) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം :</u>

<u>(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും :</u>

(i) തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, 2022 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി IX - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(ii) തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, 2022 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി IX - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും, 2022 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി IX - ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

<u>(2) 2023 - ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും :</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2023-ലെ കേരള ധനവിനിയോഗ ബില്ലും, ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. തുടർന്ന് ചർച്ച കൂടാതെ ബിൽ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും പാസ്സാക്കുകയും ചെയ്തു.

2023 ഫെബ്രുവരി 28- ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിയ്ക്കുന്നതിനായി രാവിലെ 11.32 - ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eighth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, February 27, 2023*

**No. 100**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Shafi Parambil and five other Members regarding the serious situation reported to have arisen consequent to the attack by the Police on Youth Congress leaders including an MLA in the protest march organized by the Youth Congress in Ernakulam against the increase in taxes in the State budget.

[The House was temporarily adjourned at 10.54 a.m. following the commotion during the speech of the Leader of Opposition made in protest against the denying of consent to the moving of the notice for leave to introduce adjournment motion.]

The House re-assembled at 11.15 a.m. with Mr. Speaker in the Chair.

(Members belonging to the Opposition parties continued their protest against the attitude of the Government in the notice for adjournment motion.)

*Calling Attention :*

(1) In reply to the calling attention given notice of by Shri K. Babu (Nenmara) regarding the problems due to denying legitimate share of water from Parambikkulam Dam to the State, the Chief Minister laid on the table a statement.

(2) In reply to the calling attention given notice of by Shri Sajeev Joseph to the necessity to direct Banks and Financial institutions to stop foreclosure proceedings against farmers for making bank loan arrears, the Minister for Finance laid on the table a statement.

*The Matters under Rule 304:*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ലിന്റോ ജോസഫ് | വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിലുള്ളവർക്ക് തോക്ക് ലൈസൻസ് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. പി. സുമോദ് | അയ്യപ്പൻകടം ഡാമിന്റെ അറ്റകുറ്റപണികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. മോഹനൻ | കളക്ഷൻ ഏജന്റുമാരുടെ ഇൻസെന്റീവ് | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരസംരക്ഷണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. ശശി | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കെട്ടിടങ്ങളുടെ തുടർ സംരക്ഷണം | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. യു. എ. ലത്തീഫ് | പുല്ലൂർ യു. പി. സ്കൂൾ, ഹൈസ്കൂൾ ആക്കി ഉയർത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ജനനി പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകളുടെ ലഭ്യത | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 9 | ഡോ. മാത്യു കുഴൽനാടൻ | പാലിന്റെ ഗുണനിലവാരവും ഗുണമേന്മയും ഉറപ്പു വരുത്തുന്നതിന് നടപടി | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |

*Presentation of Reports :*

(i) The Third Report of the Subject Committee - I to XIV on the Scrutiny of demands for grants were presented.

(ii) The Third Report of the Committee on Official Languages was presented.

*Legislative Business :*

(1) Introduction and Motion for reference to Subject Committee of the following Bills :

(i) Shri P. Rajeeve, Minister for Law, Industries and Coir on behalf of the Minister for Local Self Government, Rural Development and Excise introduced The Kerala Municipality (Amendment) Bill, .2022 and moved that the Bill be referred to Subject Committee IX. Then the Motion was adopted without any discussion and the Bill was referred to the Subject Committee IX.

(ii) Shri P. Rajeeve, Minister for Law, Industries and Coir on behalf of the Minister for Local Self Government, Rural Development and Excise introduced

The Kerala Panchayat Raj (Amendment) Bill, 2022 and moved that the Bill be referred to Subject Committee IX. Then the Motion was adopted without any discussion and the Bill was referred to the Subject Committee IX.

(2) Introduction and further stages of the Kerala Appropriation Bill, 2023

Shri K. N. Balagopal, Minister for Finance introduced the Kerala Appropriation Bill, 2023 and moved that the Bill be taken into consideration. Then, the Bill was taken up for clause by clause consideration and passed without discussion.

The House adjourned at 11.32 a.m. to meet again at 09.00 a.m. on Tuesday, February 28, 2023.

A. M. BASHEER
*Secretary.*